# ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത

**ഇടയലേഖനം 14** **27/11/2021**

## ഇടവക: വിശുദ്ധ കുർബാനാ സമൂഹവും ക്രൈസ്തവ കുടുംബങ്ങളുടെ ആരാധനാ ജീവിതത്തിന്റെ ഹൃദയവും

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ തന്റെ രൂപതയിലെ വൈദികർക്കും മ്ശംശാനാമാർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

2021 നവംബർ 28 ഞായറാഴ്ച നമ്മുടെ ആരാധനാക്രമ വർഷം മംഗളവാർത്തക്കാലത്തോടെ ആരംഭിക്കുമ്പോൾ ഈ രൂപതയിൽ അത് ഇടവക വർഷത്തിന്റെ (2021 നവംബർ 28 മുതൽ 2022 നവംബർ 26 വരെ) തുടക്കമാണ്. ആദിമസഭയുടെ ചൈതന്യത്തിലേക്ക് തിരിച്ചു പോകാനായി സാർവ്വത്രികസഭ സൂനഹദോസ് പ്രക്രിയ നടത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ (2021-2023) തന്നെ ഇടവക വർഷാചരണം നടത്താൻ സാധിക്കുന്നത് ദൈവത്തിന്റെ അനുഗ്രഹവും കൃപയുമാണ്. നിയതമായ അർത്ഥത്തിൽ നമുക്കിപ്പോൾ മുന്ന് ഇടവകകളേ ഉള്ളൂ. ബാക്കിയെല്ലാം മിഷനുകളോ, പ്രോപ്പോസ്ഡ് മിഷനുകളോ ആണ്. എന്നാൽ, ഈ വർഷത്തിൽ നമ്മുടെ എല്ലാ മിഷനുകളേയും, പ്രോപ്പോസ്ഡ് മിഷനുകളേയും ഇടവകയുടെ ചൈതന്യത്തിലേക്കും കെട്ടുറപ്പിലേക്കും ഉയർത്തുകയാണ് നമ്മുടെ ലക്ഷ്യം. എന്താണ് ഇടവകയിലധിഷ്ഠിതമായ വിശ്വാസജീവിതം?; എങ്ങനെയാണ് അജപാലന ശുശ്രൂഷ ഇടവക കേന്ദ്രീകൃതമായി റൂഹാദ്ക്കുദ്ശാ ക്രമീകരിച്ചിരിക്കുന്നത്?; തുടങ്ങിയ ചോദ്യങ്ങളുടെ ഉത്തരങ്ങൾ പ്രാർത്ഥനാപൂർവ്വം കണ്ടെത്തി അതുവഴി നമ്മുടെ വിശ്വാസ, ആദ്ധ്യാത്മിക ജീവിതത്തെ പുന:ക്രമീകരിക്കുവാനും നവീകരിക്കുവാനും നമുക്ക് കഴിയണം.

ആരാധനാ ജീവിതത്തിന്റെ കേന്ദ്രം ഇടവകയാണ്. എവിടെയെങ്കിയും ഒരു വിശുദ്ധ കുർബാനയർപ്പണത്തിൽ പങ്കുചേർന്നാൽ മതി എന്നു കരുതുന്നവരുണ്ടാകാം. ചിലപ്പോഴെങ്കിലും ദൈവാരാധനയുടെ, പ്രത്യേകിച്ച്, വിശുദ്ധ കുർബാനയർപ്പണത്തിന്റെ ചൈതന്യത്തെ ശരിയായി മനസിലാക്കാത്തതുകൊണ്ടാണ് അങ്ങനെ ചിന്തിക്കുന്നത്. വിശുദ്ധ കുർബാന, കൂട്ടായ്മയുടെ ബലിയാണ്, ആഘോഷവുമാണ്; ചുരുക്കത്തിൽ കൂട്ടായ്മയാണ് ബലിയർപ്പണത്തിന്റെ അന്തസത്ത. ''മനസ്സുകളുടെ ഐക്യവും ഒരുമയും സ്നേഹത്തിന്റെ ബന്ധവും''(CCC 2179) വിശുദ്ധ കുർബാനയർപ്പണത്തിന് അത്യന്താപേക്ഷിതമാണ്. ആയതിനാൽ തിരുസഭ ഇപ്രകാരം പഠിപ്പിക്കുന്നു: ''ഇടവകയാണ് വിശുദ്ധ കുർബാനാ സമൂഹവും ക്രൈസ്തവ

കുടുംബങ്ങളുടെ ആരാധനാ ജീവിതത്തിന്റെ ഹൃദയവും''(CCC 2226). ഇടവകയിലാണ് ഒരു സഭാംഗത്തിന്റെ കൂട്ടായ്മ ഔദ്യോഗികമായി യാഥാർത്ഥ്യമാകുന്നത്. മാമ്മോദീസാ വഴി ഒരു വിശ്വാസി മിശിഹായുടെ ശരീരമായ തിരുസഭാകൂട്ടായ്മയിലേക്ക് വരുന്നുണ്ടെങ്കിലും സ്വന്തം ഇടവകയിലെ പങ്കാളിത്തമാണ് ഒരുവന് ഈ കൂട്ടായ്മയുടെ അനുഭവം യഥാർത്ഥത്തിൽ നൽകുന്നത്. അവിടെയാണ് സ്വന്തം വീട്ടിലെന്ന പോലെ സ്നേഹവും പരസ്പരബന്ധവും പങ്കുവയ്ക്കലുമുള്ളത്; മറ്റെല്ലായിടത്തും നമ്മൾ വിരുന്നുകാർ മാത്രമാണ്.

കൂട്ടായ്മ യാഥാർത്ഥ്യമാക്കാൻ സ്ഥിരതയുള്ള ബന്ധം ആവശ്യമാണ്. അതിനാലാണ് തിരുസഭ നൈയാമികമായി ഇടവകകൾ സ്ഥാപിക്കുന്നത്. ഇടവകയാകുന്ന വലിയ കുടുംബത്തിന്റെ പിതാവും ഇടയനും അധ്യാപകനുമായി വികാരിയച്ചനുണ്ട്; നമ്മുടെ ഇടവകകൾക്ക് സ്ഥിരാംഗങ്ങളാകുന്ന അജഗണങ്ങളുമുണ്ട്; അവയ്ക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഭൂപ്രദേശങ്ങളുമുണ്ട്. ശ്ലൈഹിക കാലം മുതൽ ഈ സംവിധാനം തിരുസഭയിൽ നിലനിന്നിരുന്നതാണ് എന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു (തീത്തോസ് 1:5). ഓരോ വ്യക്തിസഭകളിലെയും അംഗങ്ങൾക്കായി അവർ പരിമിതമായിരിക്കുന്ന ഇടങ്ങളിൽ, തങ്ങളുടെ രൂപതകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പോലും അവിടെയുള്ള മറ്റ് വ്യക്തിസഭകളിലെ മെത്രാൻമാരുടെ കീഴിൽ 'വ്യക്ത്യാധിഷ്ഠത ഇടവകകൾ'(Personal Parishes) സ്ഥാപിക്കുന്നത് ഇക്കാരണത്താലാണ്.

ഒരാൾ ഒരു ഇടവാംഗമാകുന്നത് സഭ നിർദ്ദേശിക്കുന്ന ഒരു നിയമപ്രക്രിയയിലൂടെയാണ്. ഈ പ്രക്രിയ ഓരോ അംഗത്തിനും വ്യക്തമായ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും നൽകുന്നു. അതുകൊണ്ടാണ് ഒരാൾക്ക് പുതിയൊരു ഇടവകയിൽ അംഗമാകുന്നതിന് ഇടവകക്കുറി വേണമെന്ന് തിരുസഭ നിർദ്ദേശിക്കുന്നത്. ''ഇതുവരെ ദൈവം അജപാലനശുശ്രൂഷയ്ക്ക് എന്നെ ഭരമേൽപ്പിച്ചിരുന്ന ഈ കുടുംബത്തിന്റെ ആത്മരക്ഷ ഇനി മുതൽ അങ്ങയെ ഭരമേൽപ്പിക്കുന്നു'' എന്നാണ് അജപാലകർ തമ്മിലുള്ള ഇടവകക്കുറി നൽകലിന്റെ സാരം. ''ഈ വ്യക്തിയെ വിവാഹത്തിനൊരുക്കി അതിന് യോഗ്യനാണെന്ന് ഉറപ്പുവരുത്തി അയയ്ക്കുന്നു'' എന്ന് വിവാഹത്തിനാവശ്യമായ കുറികളും, ''ഇവർക്ക് മാമ്മോദീസാ മാതാപിതാക്കളാകാൻ തക്ക വിശ്വാസതീക്ഷ്ണതയും സന്മാർഗ്ഗ ജീവിതവുമുണ്ട്'' എന്ന് തലതൊടുന്നതിനുള്ള കുറിയും സാക്ഷ്യപ്പെടുത്തുന്നത് ഈ അജപാലന വ്യവസ്ഥയുടെ തണലിലാണ്.

സ്വർഗ്ഗാരോഹണത്തിനു മുമ്പ് ഉത്ഥിതനായ ഈശോ തന്റെ ശ്ലീഹന്മാർക്ക് നൽകിയ മഹത്തായ പ്രബോധനത്തിൽ താഴെ പറയുന്ന നിയതമായ സ്ഥാപന ദർശനം ഉൾച്ചേർന്നിട്ടുണ്ട്. ശിഷ്യപ്പെടുത്താനും, സമൂഹങ്ങൾ സ്ഥാപിക്കാനും ശിക്ഷണം നൽകാനുമാണ് അവരെ അയയ്ക്കുന്നത് (മത്താ 28:19-20). ഓരോ വിശ്വാസിയും എപ്പോഴും, ചിട്ടയുള്ളതും നൈയാമികവുമായ ഒരു ഇടവകയുടെ അംഗമായിരിക്കും. ഇത് ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല (യോഹ 14:18) എന്നരുൾചെയ്ത കർത്താവായ ഈശോ മിശിഹായുടെ തന്നെ പ്രവൃത്തിയാണ്.

ക്രിസ്തീയ കൂട്ടായ്മയുടെ പ്രവർത്തനങ്ങൾക്ക് സംഘടിതവും സ്ഥിരതയുള്ളതുമായ ഒരു ബന്ധത്തിന്റെ സംവിധാനം കൂടി ആവശ്യമാണ്. ദൈവസ്നേഹവും പരസ്നേഹവും ലക്ഷ്യം വച്ചുള്ള ഒരുമിച്ചുചേരലുകളും സദ്പ്രവർത്തികളുമൊക്കെ

ചിരപരിചയവും സ്ഥിരതയുമുള്ള കൂട്ടായ്മയകളിലാണ് സാധ്യമാകുക. വിശ്വാസജീവിതം എന്നത്, പരദേശിയെപോലെ ഒരു വിശുദ്ധ കുർബാനയിൽ പങ്കെടുത്തു മടങ്ങുക എന്നതല്ലല്ലോ. അതുകൊണ്ടാണ് ഇടവകയെ തിരുസഭ ഇപ്രകാരം നിർവചിക്കുന്നത്. രൂപതയാകുന്ന ഒരു പ്രാദേശിക സഭയ്ക്കുള്ളിൽ സ്ഥിരമായ ഒരടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട ക്രൈസ്തവവിശ്വാസികളുടെ സുനിശ്ചിതമായ സമൂഹമാണ് ഇടവക (CCC 2179). കുട്ടികളുടെയും മാതാപിതാക്കളുടെയും വിശ്വാസപരിശീലനത്തിനുള്ള ഇടവുമാണ് ഇടവക.

രൂപതാ മെത്രാനാണ് ഇടവകയുടെ യഥാർത്ഥ ഇടയനും നാഥനും. ഓരോ ഇടവകയിലും മെത്രാന്റെ ഈ ശുശ്രൂഷ അദ്ദേഹത്തെ പ്രതിനിധീകരിച്ച് നിർവ്വഹിക്കുന്നതിനാണ് വികാരിമാർ നിയമിതരാകുന്നത്. ദൈവജനത്തെ ഒന്നിച്ചുകൂട്ടി പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും നയിക്കുകയും ചെയ്ത് അവരെ തിരുസഭയോട് ചേർത്തുനിർത്തുന്ന ശുശ്രൂഷകനാണ് വികാരി. മിശിഹായുടെ നിത്യപൗരോഹിത്യത്തിന്റെ പങ്കുകാരൻ, രൂപതാ മെത്രാന്റെ പ്രതിനിധി (വികാരി) എന്നീ നിലകളിൽ നമ്മുടെ ഇടവക വികാരിയെ അനുസരിക്കാനും ആദരിക്കാനും ഓരോ ഇടവകാംഗങ്ങൾക്കും കടമയുണ്ട്. തിരുസഭയുടെ ആരംഭം മുതൽ ഈ സംവിധാനം നിലനിൽക്കുന്നതായി തിരുവചനത്തിൽ നിന്ന് നാം വായിക്കുന്നു. (1 പത്രോ 5:5).

നമ്മുടെ രൂപതയിലെ വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായി (നടപടി 4:32) ആദിമസഭയുടെ ചൈതന്യത്തിൽ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാൻ ഇടവക വർഷാചരണത്തിലൂടെ ഇടയാകട്ടെ. നാം രൂപപ്പെടുത്തിയ പഞ്ചവത്സര അജപാലന പദ്ധതിയിൽ (Living Stones pg 31-33) നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാനുള്ള അവസരമായി ഈ ഇടവകവർഷം മാറട്ടെ. അനുഗ്രഹീതമായ ഈ വർഷത്തിൽ നമ്മുടെ സമൂഹങ്ങളിൽ നടപ്പാക്കേണ്ട മറ്റ് നിർദ്ദേശങ്ങൾ വേണ്ടത്ര കൂടിയാലോചനകളോടെ യഥാസമയം നൽകപ്പെടുന്നതായിരിക്കും.

ഇടവകവർഷാചരണത്തെയും നിങ്ങളെ ഓരോരുത്തരേയും ദൈവത്തിന്റെയും തിരുസഭയുടെയും നമ്മുടെ ഓരോരുത്തരുടെയും അമ്മയായ പരിശുദ്ധ കന്യകാ മറിയത്തിന്റെയും തിരുക്കുടുംബത്തിന്റെ നാഥനും തിരുസഭയുടെ സംരക്ഷകനുമായ മാർ യൗസേപ്പിതാവിന്റെയും നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർ തോമാ ശ്ലീഹായുടെയും മദ്ധ്യസ്ഥത്തിന് സമർപ്പിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സംസർഗ്ഗവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും, ആമ്മേൻ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

**മാർ ജോസഫ് സ്രാമ്പിക്കൽ**
ഗ്രേറ്റ്ബ്രിട്ടൺ സീറോമലബാർ രൂപതാമെത്രാൻ

NB: *ഈ ഇടയലേഖനം 2021 ഡിസംബർ 27-ന് മുൻപായി ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മല ബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും വായിക്കേണ്ടതാണ്.*